(സി) ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ വിശദാംശം സംബന്ധിച്ച് വിവരം ശേഖരിച്ചു വരുന്നു. മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഉത്തരം 'എ'-യുടെ വെളിച്ചത്തിൽ ബാധകമല്ല.

(ഇ&എഫ്) ഇപ്രകാരം പ്രവർത്തിക്കുന്ന ഡോക്ടർമാർക്കെതിരെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതുൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

കട്ടനാട്ടിലെ ആരോഗ്യമേഖലയിലെ വികസന പ്രവർത്തനങ്ങൾ

123 (812) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ. ആർ. എച്ച്. എം.. ആരോഗ്യ വകുപ്പ് എന്നിവയുടെ കീഴിൽ കുട്ടനാട്ടിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എടത്വ സി.എച്ച്.സി.യിൽ എൻ.ആർ.എച്ച്.എം 24 ലക്ഷം രൂപ മുതൽ മുടക്കി ഐ.പി. വാർഡും ലാബും പണി കഴിപ്പിച്ച് പ്രവർത്തിച്ചുവരുന്നു. ചമ്പക്കുളം സി.എച്ച്.സി.യിൽ എൻ.ആർ.എച്ച്.എം. ഒരു കോടി 35 ലക്ഷം രൂപ മുതൽ മുടക്കി ഒ.പി.-കം ഡയഗ്നോസ്റ്റിക് ബ്ലോക്ക് പണി പൂർത്തീകരിച്ച് 9-8-2015-ൽ പ്രവർത്തനം ആരംഭിച്ചു. നിലംപേരൂർ പി.എച്ച്.സി.യുടെ കീഴിൽ 13 ലക്ഷം രൂപ മുതൽ മുടക്കി ഈര സെന്റർ പണി പൂർത്തീകരിച്ച് പ്രവർത്തനം സജ്ജമാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ വെള്ളത്താൽ ചുറ്റപ്പെട്ട ജനങ്ങൾക്ക് വൈദ്യസഹായം എത്തിക്കുന്നതിനു വേണ്ടി എൻ.ആർ.എച്ച്.എം. ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഫ്ലോട്ടിംഗ് ഡിസ്പെൻസറി. കുട്ടനാട്ടിൽ രണ്ട് ഫ്ലോട്ടിംഗ് ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ബോട്ട് ജെട്ടികളിൽ എത്തി വൈദ്യസഹായം നൽകുന്നു. 4 മെഡിക്കൽ ഓഫീസർ, 2 സ്റ്റാഫ് നഴ്സ്, 2 ഫാർമസിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാണ്. കൂടാതെ കുട്ടനാട് ബ്ലോക്കിന്റെ കീഴിലുള്ള പ്രൈമറി സെന്ററുകളിലെ ഒഴിവുകളിൽ എൻ.ആർ.എച്ച്.എം. ഡോക്ടർമാരെ നിയമിച്ച് അവിടെ സേവനം ലഭ്യമാക്കുന്നുണ്ട്. സി.എച്ച്.പി. പദ്ധതിയിൽപ്പെടുത്തി പി.എച്ച്.സി. കാവാലത്തും സി.എച്ച്.സി. ചമ്പക്കുളത്തും ഓരോ ലാബിന്റെ പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly